## കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ

നഗരകാര്യ മദ്ധ്യമേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, കൊച്ചി - എളവള്ളി ഗ്രാമപഞ്ചായത്തിൽ കെ.പി.ബി.ആർ. ലംഘിച്ച് കെട്ടിടനിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.വി.കെ.ജേ.സഫിന്റെ സൂപ്പർവൈസർ 'എ' (Reg.No.G6-607/10/130/SA) രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

---

നമ്പർ.ജി6-1542/2015 തീയതി : 22.07.2016

---

പരാമർശം:-1.നഗരകാര്യ ഡയറക്ടറുടെ 15.05.2015-ലെ എൽ.1669/15 നമ്പർ കത്ത്.

2.ലൈസൻസി ശ്രീ.വി.കെ.ജോസഫിനുള്ള ഈ ഓഫീസിലെ 23.06.2015-ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3.ശ്രീ.വി.കെ.ജോസഫിന്റെ 09.9.20165-ലെ വിശദീകരണം.

4. 13.7.2016-ലെ എളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സി2-2562/14 നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം (1) പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിൽ ബ്രഹ്മകുളം വില്ലേജ്, സർവ്വേ നമ്പരിൽ 223/2 സ്ഥലത്ത് പാവറട്ടി-കാഞ്ഞാണി ജില്ലാ മേജർ റോഡിനോട് ചേർന്ന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ലംഘിച്ചുകൊണ്ട് നടത്തിയ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ലൈസൻസി ശ്രീ.വി.കെ.ജോസഫ് ചട്ടലംഘനങ്ങളോടുകൂടിയ പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കുകയുണ്ടായെന്നും, ആയതിനാൽ ടിയാൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് നഗരകാര്യ ഡയറക്ടർക്ക് നൽകിയ അപേക്ഷ തുടർനടപടികൾക്കായി ഈ ഓഫീസിലേക്ക് അയക്കുകയുണ്ടായി.

പരാമർശം (2) പ്രകാരം ഇതു സംബന്ധിച്ച് വിശദീകരിക്കുന്നതിന് ലൈസൻസിക്ക് നോട്ടീസ് നൽകുകയും ആയതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച മറുപടിയിൽ തോമസ് പള്ളത്ത് എന്നയാൾക്കുവേണ്ടി ചട്ടങ്ങൾ ലംഘിച്ച് പ്ലാൻ തയ്യാറാക്കി പഞ്ചായത്തിൽ താൻ സമർപ്പിച്ചു എന്ന പ്രസ്താവന ശരിയല്ലെന്നും വഹകളിൽ നിലവിലുണ്ടായിരുന്ന കെട്ടിടഭാഗങ്ങളും താൽക്കാലിക ഷെഡിന്റെ ഭാഗങ്ങളും ഉൾപ്പെടുത്തി 3 അതിരുകളിലുള്ള വഹകളുടെ ഉടമസ്ഥരിൽ നിന്നും എൻ.ഒ.സി.യും, പഞ്ചായത്തിൽ നിന്നും അനുകൂല തീരുമാനം ഉണ്ടാവുകയും ചെയ്താൽ മാത്രമേ അപേക്ഷ നൽകൂ എന്ന ഉറപ്പിലാണ് സ്കെച്ച് തയ്യാറാക്കി നൽകിയിരുന്നതെന്നും അതല്ലാതെ ബിൽഡിംഗ് റൂൾസ്

ലംഘിക്കുന്നതിന് ബോധപൂർവ്വം ശ്രമിച്ചിട്ടില്ലെന്നും എന്നാൽ ഏതെങ്കിലും വിധത്തിൽ തന്റെ പ്രവൃത്തി പഞ്ചായത്തിന് ബുദ്ധിമുട്ടുകൾക്കും കോടതി വ്യവഹാരങ്ങൾക്കും കാരണമായിട്ടുണ്ടെങ്കിൽ ആയത് മന:പൂർവ്വമല്ലാത്തതാണെന്ന് ബോദ്ധ്യപ്പെട്ട് മാപ്പു നൽകണമെന്നും അപേക്ഷികക്കുകയുണ്ടായി.

2011-ലെ കെ.പി.ബി.ആർ.പ്രകാരം നിയമങ്ങളും ചട്ടങ്ങളും സർക്കാരിന്റെയും പഞ്ചായത്തിന്റെയും നിർദ്ദേശങ്ങളും പാലിച്ച് പ്ലാൻ വരക്കുന്നതിന് ലൈസൻസി ബാദ്ധ്യസ്ഥനാണ്. സൈറ്റ് നേരിൽ പരിശോധിച്ച് അതിരുകളുടെ കൃത്യത ഉറപ്പുവരുത്തി മാത്രം പ്ലാൻ തയ്യാറാക്കുന്നതിന് ലൈസൻസിക്ക് ഉത്തരവാദിത്വമുണ്ട്. ലൈസൻസിയുടെ വിശദീകരണത്തിൽ നിന്നുതന്നെ നിയമവും ചട്ടങ്ങളും ലംഘിച്ചുകൊണ്ടുള്ള പ്ലാൻ ആണെന്ന് ബോധ്യപ്പെട്ടുതന്നെയാണ് ആയത് പഞ്ചായത്തിൽ സമർപ്പിച്ചത് എന്നു വ്യക്തമാണ്. ഇതു ലൈസൻസിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നതിനാൽ കെ.പി.ബി.ആർ. ചട്ടം 144(8) പ്രകാരം ശ്രീ.വി.കെ.ജേ.സഫ് എന്നയാളുടെ സൂപ്പർവൈസർ 'എ' രജിസ്ട്രേഷൻ 1.8.2016 മുതൽ ഒരു വർഷത്തേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു. സസ്പെൻഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ലൈസൻസ് രേഖകൾ, ലൈസൻസി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറാഫീസിൽ സമർപ്പിക്കേണ്ടതാണ്.

സി.സി.ശശിധരൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ

ശ്രീ.വി.കെ.ജോസഫ്
ലൈസൻസി (Reg.No.G6-607/10/130/SA)
വടക്കൂട്ട് ഹൗസ്
വെൻമേനാട്
പാവറട്ടി, തൃശൂർ

പകർപ്പ്:-

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് (കൊല്ലം, കോഴിക്കോട്)
3. മദ്ധ്യമേഖലയിലെ എല്ലാ നഗരസഭാസെക്രട്ടറിമാർക്കും
4. നഗരകാര്യ ഡയറക്ടർ, (To publish in the LSGD Website as per KMBR 1999 Rule 153(8)

സി.എ/25.7.